REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ബെംഗളൂരുവിൽ നിംഹാൻസ് സുവർണ ജൂബിലി ആഘോഷത്തിൽ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും.**
- **നാളെ ആരംഭിക്കുന്ന 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരം ഒരുങ്ങി. രജിസ്ട്രേഷൻ ഇന്ന് രാവിലെ തുടങ്ങും.**
- **പെരിയ ഇരട്ടക്കൊല കേസിൽ കുറ്റവാളികളെന്ന് കണ്ടെത്തിയ 14 പ്രതികളുടെ ശിക്ഷ ഇന്ന് പ്രഖ്യാപിക്കും.**
- **സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന ചടങ്ങ് അലങ്കോലപ്പെടുത്തുന്ന രീതിയിൽ പ്രതിഷേധം നടത്തിയ രണ്ട് സ്കൂളുകൾക്ക് അടുത്ത വർഷത്തെ മത്സരങ്ങളിൽ വിലക്ക് ഏർപ്പെടുത്തി.**
- **സിഡ്നി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് മോശം തുടക്കം.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ബെംഗളൂരുവിൽ നിംഹാൻസ് സുവർണ ജൂബിലി ആഘോഷത്തിൽ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. പുതിയ സൈക്യാട്രി ബ്ലോക്ക്, സെൻട്രൽ ലബോറട്ടറി സമുച്ചയം, ഹോസ്റ്റൽ കെട്ടിടം എന്നിവ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. നൂതനമായ 3T MRI സ്കാനറും DSA മെഷീനും

അവർ രാജ്യത്തിന് സമർപ്പിക്കും. ബെലഗാവിയിൽ അത്യാധുനിക കാൻസർ ആശുപത്രിയുടെ ഉദ്ഘാടനവും രാഷ്ട്രപതി നിർവഹിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിക്കും.

ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്........

ചേരി പുനരധിവാസ പദ്ധതിക്കു കീഴിൽ J.J ക്ലസ്റ്റർ നിവാസികൾക്കായി അശോക് വിഹാറിൽ നിർമിച്ച 1,700-ഓളം ഫ്ളാറ്റുകൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി ഗുണഭോക്താക്കൾക്ക് താക്കോലുകളും കൈമാറും. നൗറോജി നഗറിലെ വേൾഡ് ട്രേഡ് സെന്റർ , സരോജിനി നഗറിലെ ജനറൽ പൂൾ റെസിഡൻഷ്യൽ അക്കോമഡേഷൻ ടൈപ്പ്-2 ക്വാർട്ടേഴ്സ് എന്നീ രണ്ടു നഗര പുനർ വികസനപദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

നജഫ്ഗഢിലെ റോഷൻപുരയിൽ വീർ സാവർക്കർ കോളേജിനു പ്രധാനമന്ത്രി തറക്കല്ലിടും.

ദ്വാരകയിൽ 300 കോടി രൂപ ചെലവിൽ നിർമിച്ച CBSEയുടെ സംയോജിത ഓഫീസ് സമുച്ചയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ഡൽഹി സർവകലാശാലയിൽ 600 കോടിയിലധികം രൂപയുടെ മൂന്നു പുതിയ പദ്ധതികൾക്കും പ്രധാനമന്ത്രി തറക്കല്ലിടും.

✪✪✪

പ്രചാരത്തിലിരിക്കുന്ന 2000 രൂപ നോട്ടുകളുടെ ആകെ മൂല്യം ഡിസംബർ 31 ന് 6,691 കോടി രൂപയായി കുറഞ്ഞതായി റിസർവ് ബാങ്ക് അറിയിച്ചു.

2023 മെയ് മാസത്തിൽ പ്രചാരത്തിലുണ്ടായിരുന്ന മൂന്ന് ലക്ഷത്തി 56,000 കോടി രൂപയുടെ കറൻസി നോട്ടുകളിൽ 98.12 ശതമാനവും ഇതിനകം തന്നെ തിരിച്ചെത്തിയതായി RBI വ്യക്തമാക്കി. 2023 മെയ് 19-നാണ് 2000 രൂപയുടെ നോട്ടുകൾ പിൻവലിക്കുന്നതായി പ്രഖ്യാപിച്ചത്.

2000 രൂപയുടെ നോട്ടുകൾ നിക്ഷേപിക്കുന്നതിനോ മാറ്റിയെടുക്കുന്നതിനോ സൗകര്യം RBIയുടെ 19 ഇഷ്യൂ ഓഫീസുകളിൽ തുടർന്നും ലഭ്യമാണെന്നും RBI അറിയിച്ചു. ഈ സേവനം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന പൊതുജനങ്ങൾക്ക് അവരുടെ നോട്ടുകൾ ഈ ഓഫീസുകളിലേക്ക് ഇന്ത്യാ പോസ്റ്റ് വഴി അയയ്ക്കാവുന്നതാണ്.

✪✪✪

നാളെ ആരംഭിക്കുന്ന 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരം ഒരുങ്ങി. സെൻട്രൽ സ്റ്റേഡിയത്തിൽ ഒരുക്കിയ ഒന്നാം വേദിയായ MT - നിളയിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

..........വോയ്സ്.........

നാളെ രാവിലെ ഒമ്പതിന് പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പതാക ഉയർത്തുന്നതോടെയാണ് കലോത്സവത്തിന് തുടക്കമാവുക. തുടർന്ന് ശ്രീനിവാസൻ തൂണേരി രചിച്ച് കാവാലം ശ്രീകുമാർ ചിട്ടപ്പെടുത്തിയ കലോത്സവത്തിന്റെ സ്വാഗത ഗാനത്തിന്റെ നൃത്താവിഷ്കാരം കലാമണ്ഡലത്തിലെ കുട്ടികളും പൊതുവിദ്യാലയത്തിലെ കുട്ടികളും ചേർന്ന് അവതരിപ്പിക്കും.

വയനാട് വെള്ളാർമല ജി.എച്ച്.എസ്.എസിലെ കുട്ടികളുടെ  സംഘനൃത്തവും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമാകും. ഉദ്ഘാടന സമ്മേളനത്തിനുശേഷം ഒന്നാംവേദിയിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ടം മത്സരം നടക്കും. ആദ്യ ദിവസം 24 വേദികളിലാണ് മത്സരങ്ങൾ.

കലോത്സവത്തിന്റെ രജിസ്ട്രേഷൻ തിരുവനന്തപുരം SMV ഹയർ സെക്കൻഡറി സ്കൂളിൽ ഇന്ന് രാവിലെ 10ന് ആരംഭിക്കും. 7 കൗണ്ടറുകളിലായി 14 ജില്ലകൾക്കും പ്രത്യേകം രജിസ്ട്രേഷൻ സൗകര്യവും ഹെൽപ്പ് ഡെസ്ക്കും ക്രമീകരിച്ചിട്ടുണ്ട്. ഇന്ന് രാത്രി  ഭക്ഷണത്തോടെ ഊട്ടുപുരയുടെ പ്രവർത്തനം ആരംഭിക്കും.

ഒരേസമയം 20 വരികളിലായി നാലായിരം പേർക്ക് ഭക്ഷണം കഴിക്കാൻ കഴിയുന്ന രീതിയിലാണ് പന്തൽ സജ്ജീകരിച്ചിരിക്കുന്നത്.

കാസർകോട് നിന്ന് ആരംഭിച്ച സ്വർണകപ്പ് ഘോഷയാത്ര  ഇന്ന് രാവിലെ തിരുവനന്തപുരം ജില്ലയിൽ എത്തിച്ചേരും. വിവിധ സ്കൂളുകളിൽ  സ്വീകരണം ഏറ്റുവാങ്ങി വൈകീട്ട് 5 മണിയോടെ PMGയിൽ എത്തിച്ചേരുന്ന ഘോഷയാത്രയിൽ മന്ത്രി V ശിവൻ കുട്ടി സ്വർണകപ്പ് ഏറ്റുവാങ്ങും. തുടർന്ന് ഘോഷയാത്ര മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചേരും.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ രാവിലെ കോഴിക്കോട് റയിൽവേസ്റ്റേഷനിൽ റയിൽവേ ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംബന്ധിക്കും. ഉച്ചയോടെ അദ്ദേഹം എറണാകുളത്തേക്ക് യാത്ര തിരിക്കും.

✪✪✪

അന്തരിച്ച മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ S ജയചന്ദ്രൻ നായരുടെ ഭൗതിക ദേഹം ഇന്നലെ രാത്രി പത്തിന് ബംഗളൂരു മാർത്ത ഹള്ളി വൈദ്യുതി ശ്മശാനത്തിൽ സംസ്കരിച്ചു. ബംഗളൂരുവിൽ ഇന്നലെയായിരുന്നു 85-കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ദീർഘകാലം കലാകൗമുദി വാരികയുടേയും മലയാളം വാരികയുടേയും പത്രാധിപരായിരുന്ന S ജയചന്ദ്രൻ നായർ നിരവധി പുസ്തകങ്ങളും എഴുതിയിട്ടുണ്ട്.

S. ജയചന്ദ്രൻ നായരുടെ വിയോഗത്തിൽ നിയമസഭാ സ്പീക്കർ AN ഷംസീർ അനുശോചിച്ചു.

മലയാള സാഹിത്യത്തിനും ചലച്ചിത്രത്തിനും പത്രപ്രവർത്തനത്തിനും അനവധി വിലപ്പെട്ട സംഭാവനകൾ നൽകിയ അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന് വലിയ നഷ്ടമാണെന്ന് സ്പീക്കർ പറഞ്ഞു.

✪✪✪

കാസർഗോഡ് പെരിയ ഇരട്ടക്കൊല കേസിൽ കുറ്റവാളികളെന്ന് കണ്ടെത്തിയ 14 പ്രതികളുടെ ശിക്ഷ ഇന്ന് പ്രഖ്യാപിക്കും. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനേയും, ശരത് ലാലിനേയും രാഷ്ട്രീയ വൈരാഗ്യം മൂലം വെട്ടിക്കൊലപ്പെടുത്തിയ കേസിൽ കൊച്ചിയിലെ പ്രത്യേക CBI കോടതിയാണ് വിധി പറയുന്നത്.

കേരള രാഷ്ട്രീയത്തെ പിടിച്ചുലച്ച ഇരട്ട കൊലപാതകത്തിൽ CPIM നേതാവും ഉദുമ മുൻ MLA.യുമായ KV. കുഞ്ഞിരാമൻ, കാഞ്ഞങ്ങാട് മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും CPIM മുൻ ഏരിയാ സെക്രട്ടറിയുമായ K.മണികണ്ഠൻ, CPIM പാക്കം മുൻ ലോക്കൽ സെക്രട്ടറി രാഘവൻ വെളുത്തോളി തുടങ്ങി 14 പേരാണ് പ്രതികൾ.

ഒന്ന് മുതൽ എട്ടുവരെ പ്രതികൾ കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്തതായി കോടതി കണ്ടെത്തിയിരുന്നു.

വിചാരണ നേരിട്ട 24 പ്രതികളിൽ 10 പേരെ തെളിവുകളുടെ അഭാവത്തിൽ വെറുതേ വിട്ടു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന ചടങ്ങ് അലങ്കോലപ്പെടുത്തുന്ന രീതിയിൽ പ്രതിഷേധം നടത്തിയ രണ്ട് സ്കൂളുകൾക്ക് അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായികമേള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് വിലക്ക് ഏർപ്പെടുത്തി.

മലപ്പുറം ജില്ലയിലെ തിരുനാവായ നാവാമുകന്ദ ഹയർസെക്കൻഡറി സ്കൂളിനും, എറണാകുളം ജില്ലയിലെ കോതമംഗലം മാർ ബേസിൽ ഹയർസെക്കൻഡറി സ്കൂളിനുമാണ് വിലക്ക് ഏർപ്പെടുത്തിയത്.

കഴിഞ്ഞ നവംബർ 04 മുതൽ 11 വരെ എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച സ്കൂൾ കായികമേളയുടെ സമാപന ചടങ്ങിൽ ഉണ്ടായ പ്രശ്നങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെന്റ് നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ നിർദേശപ്രകാരമാണ് നടപടി.

✪✪✪

സിഡ്നിയിൽ ഓസ്ട്രേലിയക്കെതിരായ ബോർഡർ-ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് മോശം തുടക്കം. ടോസ് നേടി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യക്ക് 18 റൺസെടുക്കുന്നതിനിടെ രണ്ട് വിക്കറ്റ് നഷ്ടമായി. KL രാഹുലും യെശ്വസി ജെയ്സ്വാളുമാണ് പുറത്തായത്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 56 റൺസെടുത്തു.

ഡെസ്ക് റിപ്പോർട്ട്.

...........വോയ്സ്.........

ആദ്യ നാലു മത്സരങ്ങൾ പൂർത്തിയായപ്പോൾ 2-1ന് ഓസ്ട്രേലിയ മുന്നിലാണ്.

സിഡ്നിയിൽ ജയിച്ച് പരമ്പര 2-2 സമനിലയിൽ എത്തിക്കാൻ സാധിച്ചാൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യക്കു ബോർഡർ-ഗാവസ്കർ ട്രോഫി നിലനിർത്താം. 2025 ICC ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ സാധ്യത നിലനിർത്താനും അവസാന ടെസ്റ്റിൽ ഇന്ത്യക്കു ജയം അനിവാര്യമാണ്. മെൽബണിൽ നടന്ന നാലാം ടെസ്റ്റിൽ, ആതിഥേയരായ ഓസ്ട്രേലിയ, ഇന്ത്യയെ 184 റൺസിന് തോൽപ്പിച്ചാണ് പരമ്പരയിൽ 2-1 ന്റെ ലീഡ് നേടിയത്.

✪✪✪

ദേശീയ അണ്ടർ-23 ട്വന്റി-20 വനിതാ ക്രിക്കറ്റിൽ പങ്കെടുക്കുന്ന കേരള വനിതാ ടീമിനെ ഓൾറൗണ്ടർ CMC. നജ്‌ല നയിക്കും. കഴിഞ്ഞ മാസം നടന്ന സീനിയർ വനിതാ ഏകദിന ചാമ്പ്യൻഷിപ്പിൽ നജ്‌ല മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു.

ലീഗ് ഘട്ടത്തിൽ ഗ്രൂപ്പ് എ യിലാണ് കേരളം. മറ്റന്നാൾ ഗുവഹാത്തിയിൽ മധ്യപ്രദേശിനെതിരെയാണ് കേരളത്തിന്റെ ആദ്യ മത്സരം.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ, ഹൈദരാബാദ് FCയെ പരാജയപ്പെടുത്തി. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്കാണ് മോഹൻ ബഗാന്റെ ജയം.

ഇന്ന് വൈകീട്ട് 7.30 ന് ഗുവാഹത്തിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മൊഹമ്മദൻ SC യെ നേരിടും.

✪✪✪

കണ്ണൂരിൽ 35-ാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് ഗ്രൂപ്പ് മത്സരത്തിൽ പുരുഷ സാബർ വിഭാഗത്തിൽ സർവീസസിനെ തോൽപ്പിച്ച് മഹാരാഷ്ട്ര സ്വർണം നേടി.

പുരുഷവിഭാഗം ഫോയിൽ മത്സരത്തിൽ ഹരിയാനയെ തോൽപിച്ച് സർവീസസ് സ്വർണ്ണം കരസ്ഥമാക്കി.

വനിതാ വിഭാഗം എപ്പി മത്സരത്തിൽ ഹരിയാനയ്ക്ക് ആണ് സ്വർണം.

ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും.

✪✪✪

ബേപ്പൂരിൽ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ നാലാം സീസൺ നാളെ ആരംഭിക്കും. രണ്ട് ദിവസത്തെ വാട്ടർ ഫെസ്റ്റി വലിന്റെ ഭാഗമായി വ്യോമസേന നടത്തുന്ന എയർഷോയുടെ മുന്നോടിയായി ഇന്നലെ ബേപ്പൂർ മറീന ബീച്ചിൽ ഹെലികോപ്റ്ററുകൾ പരിശീലന പറക്കൽ നടത്തി.

വ്യോമസേനയുടെ കോയമ്പത്തൂർ സുലൂരിലെ 43 വിങ്ങിലെ ദി ഗ്രേറ്റ് സാരംഗ്സ് ഹെലികോപ്റ്ററുകളാണ് പരിശീലനം നടത്തിയത്.

ഇന്ന് രാവിലെ 11നും വൈകീട്ട് 3നും ഗ്രേറ്റ് സാരംഗ്സ് ബേപ്പൂർ മറീന ബീച്ചിന് മുകളിൽ കാണികൾക്ക് ദൃശ്യവിരുന്നേകി പരിശീലന പറക്കൽ നടത്തും.

വ്യോമസേനയ്ക്കു പുറമെ, നാവിക സേനയും കോസ്റ്റ് ഗാർഡും വാട്ടർഫെസ്റ്റിൽ പങ്കാളികളാകുന്നുണ്ട്. ഫെസ്റ്റിന്റെ രണ്ട് ദിവസങ്ങളിലും രാവിലെ 9 മുതൽ 5 മണി വരെ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും കപ്പലുകൾ ബേപ്പൂർ തുറമുഖത്ത് പൊതുജനങ്ങൾക്കായി പ്രദർശനത്തിനെത്തും. പ്രദർശനം സൗജന്യമാണ്.

പഴുതടച്ച സുരക്ഷ സംവിധാനങ്ങളാണ് വാട്ടർ ഫെസ്റ്റിവലിന് പൊലീസ് ഒരുക്കിയിരിക്കുന്നത്.

✪✪✪

കോൺഗ്രസ് വാർഡ് പ്രസിഡന്റുമാരുടെ ആദ്യ ജില്ലാ സമ്മേളനം ഇന്ന് കോഴിക്കോട്ട് നടക്കും. AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

തദ്ദേശ തെരഞ്ഞെടുപ്പ് വരെ ജില്ലയിൽ നടപ്പാക്കേണ്ട വിവിധ കർമ്മ പരിപാടികളുടെ പ്രവർത്തന രൂപരേഖ സമ്മേളനം തയ്യാറാക്കും. ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ 1,566 വാർഡ് പ്രസിഡന്റുമാർ സമ്മേളനത്തിൽ പങ്കെടുക്കും.

കോൺഗ്രസ് ഹൈക്കമാൻഡ് നിർദേശമനുസരിച്ച് നടപ്പാക്കുന്ന 'മിഷൻ 2025-ന്റെ ഭാഗമായി എല്ലാ ജില്ലകളിലും വാർഡ് പ്രസിഡന്റുമാരുടെ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader: ഹക്കീം കൂട്ടായി*
*Casual News readers: ശരണ്യ രാജൻ*
*DEO : സുബോധ് സി കെ*